# ഒരു വലിയ ഒന്നാകുന്നതല്ലേ നല്ലത് ?

**മുജാഹിദ്** പ്രസ്ഥാനം പിളർന്നത് അങ്ങേയറ്റം ദൗർഭാഗ്യകരമായിപ്പോയെന്ന് അഞ്ചര വർഷത്തെ അനുഭവങ്ങൾ തെളിയിച്ചു. ഏകത്വ ദർശനത്തിന്റെ ആളുകൾ ഭിന്നിക്കുമെന്നും ഭിന്നിച്ചാൽ തന്നെ പരസ്പരം പോരാടുമെന്നും ആരും പ്രതീക്ഷിച്ചതായിരുന്നില്ല. എന്നാൽ പ്രതീക്ഷക്കു വിരുദ്ധമായി അവർ പിളർന്നു; പരസ്പരം പടവെട്ടി; കാണാനും കേൾക്കാനും സുഖമില്ലാത്ത നിരവധി അനുഭവങ്ങൾ സൃഷ്ടിച്ചു.

ഇരു മുജാഹിദുകളുടെയും ആത്മാർഥതയെ ആരും ചോദ്യം ചെയ്യുന്നില്ല. പക്ഷേ, തങ്ങളുടെ ആത്മാർഥത സമൂഹത്തെയോ തങ്ങളെത്തന്നെയോ ബോധ്യപ്പെടുത്താൻ അവർക്കു സാധിച്ചില്ലെന്ന സത്യം നിഷേധിച്ചിട്ടു കാര്യമില്ല. തങ്ങൾക്കു മനഃസാക്ഷിക്കുത്തും സമൂഹത്തിന് മനംമടുപ്പും മാത്രം നേടിത്തന്ന ഈ പിളർപ്പ് അവസാനിപ്പിക്കാൻ ഇരുകൂട്ടർക്കും നേരമായിരിക്കുന്നു. മുജാഹിദ് പ്രസ്ഥാനത്തിൽനിന്ന് ജനം അത് പ്രതീക്ഷിക്കുന്നു; രണ്ടു ഗ്രൂപ്പുകളും ഒന്നായി മഹത്തായ ഇസ്‌ലാഹീ പ്രസ്ഥാനത്തെ മുന്നോട്ടു നയിക്കുന്ന സുദിനം അകലെയാകരുതെന്ന് അവർ ആഗ്രഹിക്കുന്നു. ഒരേസമയത്ത് രണ്ട് സമ്മേളനങ്ങൾ! ചങ്ങരംകുളത്തും പനമരത്തും! എന്ത് സന്ദേശമാണ് ഈ സമ്മേളനങ്ങൾ ബാക്കിവെക്കുക? രണ്ട് കൈവഴികളായി, കലികയറി, കരകളെ വിറപ്പിച്ച് പ്രളയം സൃഷ്ടിക്കുന്നതിനു പകരം, ഒന്നിച്ച് ഒരു മഹാനദിയായി, നാടിന്റെ കുടിനീരും കുളിർമയുമായി, ശാന്തഗംഭീരമായി ഒഴുകുന്നതല്ലേ നല്ലതെന്ന് ഇരുനേതൃത്വങ്ങളും അടിയന്തരമായി ആലോചിക്കേണ്ടിയിരിക്കുന്നു.

മുജാഹിദ് പ്രസ്ഥാനം കേരളത്തിന്റെ നവോത്ഥാന ചരിത്രത്തിന് ചെറുതല്ലാത്ത സംഭാവന നൽകിയിട്ടുണ്ട്. മുസ്‌ലിം സമുദായത്തിൽനിന്ന് അന്ധവിശ്വാസങ്ങളും അനാചാരങ്ങളും തുടച്ചു നീക്കുന്നതിന് അഹോരാത്രം അധ്വാനിച്ച ഒരു പ്രസ്ഥാനം, കേരളീയ സമൂഹത്തിൽ അന്ധവിശ്വാസങ്ങൾ രണ്ടാം വരവ് ആഘോഷിക്കുന്ന വേളയിൽ പിളരുകയും പരസ്പരം പോരാടുകയും ചെയ്യുന്നത് ഒട്ടും ശരിയല്ല. ജനം ഇത് ക്ഷമിക്കില്ലെന്നും ദൈവം പൊറുക്കില്ലെന്നും ഇരുവിഭാഗങ്ങളും മനസ്സിലാക്കിയിരുന്നെങ്കിൽ!

'സമസ്ത' പിളർന്നതുകൊണ്ടുണ്ടായതിനേക്കാൾ നഷ്ടം മുജാഹിദ് പ്രസ്ഥാനത്തിന്റെ പിളർപ്പുകൊണ്ടുണ്ടായിട്ടുണ്ട്. മുജാഹിദുകളുടേത് ഒരു ഇസ്‌ലാഹീ പ്രസ്ഥാനമാണ്. നവോത്ഥാനരംഗത്താണ് അവരുടെ ഇടം. സുന്നികളുടെ സംഭാവനകളെ ചെറുതായി കാണുകയോ അവരുടെ പിളർപ്പിനെ അവഗണിക്കുകയോ അല്ല. പ്രത്യുത, സമസ്തയെ അപേക്ഷിച്ച് മുജാഹിദ് പ്രസ്ഥാനത്തിലുണ്ടായ പിളർപ്പ് നവോത്ഥാന സംരംഭങ്ങളെ നേരിട്ട് ബാധിക്കുന്നതാണെന്ന് ചൂണ്ടിക്കാണിക്കുക മാത്രം.

'സമസ്ത'കളും തീർച്ചയായും യോജിക്കണം. ഭിന്നിച്ചു നിൽക്കേണ്ട തരത്തിലുള്ള ആശയവ്യത്യാസങ്ങളൊന്നും അവർക്കിടയിലുള്ളതായി മാലോകർക്ക് മനസ്സിലായിട്ടില്ല. പരസ്പരം അംഗീകരിക്കാനുള്ള ഹൃദയവിശാലത മാത്രം മതി സുന്നികൾക്ക് യോജിക്കാൻ. പണ്ഡിത നേതൃത്വങ്ങളിൽനിന്ന് സമൂഹം അത് പ്രതീക്ഷിക്കുന്നുണ്ട്.

വിശാല വീക്ഷണം സംഘടനക്കകത്തും സംഘടനകൾക്കിടയിലും ശത്രുക്കൾ തമ്മിൽപോലും അത്യാവശ്യമാണ്. അഭിപ്രായവ്യത്യാസങ്ങളും വീക്ഷണവൈവിധ്യങ്ങളും അവസാനിപ്പിക്കാനാവില്ല. അവ മനുഷ്യസഹജമാണ്; മനുഷ്യ വർഗത്തിന്റെ പുരോഗതിയുടെ ഉപാധി കൂടിയാണ്. അവയെ സമന്വയിപ്പിച്ച് പ്രയോജനപ്പെടുത്തുന്നതിലാണ് വിജയമിരിക്കുന്നത്. സമന്വയം ഒരു നയം മാത്രമല്ല; ന്യായവും അതുതന്നെയാണ്. നിർഭാഗ്യവശാൽ ഈ നയവും ന്യായവുമാണ് സമുദായ നേതൃത്വങ്ങൾക്ക് നഷ്ടമായിരിക്കുന്നത്. അനാവശ്യ വാശികൾക്ക് അവർ വിധേയരായിരിക്കുന്നു. നേതൃത്വങ്ങളെ നേർവഴിക്കു നയിക്കാൻ അനുയായികൾ വിവേകപൂർവം ഇടപെടേണ്ട സന്ദർഭമാണിത്.

സുന്നികളുടെയും മുജാഹിദുകളുടെയും പിളർപ്പ് ജമാഅത്തെ ഇസ്‌ലാമി ആഘോഷിച്ചിട്ടില്ല. ആഘോഷിക്കുകയുമില്ല. പകരം അതിൽ വേദനിക്കുകയും അവർ എത്രയും വേഗം ഒന്നിക്കണമെന്ന് അതിയായി ആഗ്രഹിക്കുകയും ചെയ്യുന്നു. ഒന്നിക്കൂ, ഭിന്നിക്കരുത് - ഇതാണ് അല്ലാഹുവിന്റെ ആഹ്വാനം.

അഭിപ്രായ വ്യത്യാസങ്ങൾ ഉള്ളതോടൊപ്പം തന്നെ പരസ്പരം അംഗീകരിക്കാനും ആദരിക്കാനും സംഘടനകൾക്ക് സാധിക്കണം. വേറിട്ടുനിന്നുകൊണ്ടുള്ള പ്രവർത്തനങ്ങൾ പോലും ഒന്നിച്ചുള്ള പ്രവർത്തനത്തിന്റെ ഗുണം ചെയ്യും അപ്പോൾ. സമുദായം ഒരു വലിയ ഒന്നായിത്തീരുന്ന ആഹ്ലാദകരമായ അനുഭൂതിയുമുണ്ടാകും. ■